GSTIN: 32AAMAK9631N1Z3

**KERALA KERAKARSHAKA SAHAKARANA FEDERATION LIMITED No. 4370**

KERAFED
കേരാഫെഡ്
(A Govt. of Kerala Enterprise)

**KERAFED OIL COMPLEX**

K. S. Puram, Puthiyakavu
Karunagappally, Kollam - 690 544
Ph: 0476-2620627, 2620828, 2620827(PM)
E-Mail: kock@kerafed.com

KFD/KOCK/GC/2025-26/5084 03/07/2025

**കേരഫെഡ് ഓയിൽ കോംപ്ലക്സിൽ സംഭരിക്കുന്ന പച്ചത്തേങ്ങ ഉണക്കി കൊപ്രയാക്കി നൽകുന്നതിനായി തത്പരകക്ഷികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു:**

***ക്വട്ടേഷൻ വ്യവസ്ഥകൾ***

സംഭരണത്തിന് അനുസൃതമായി പച്ചത്തേങ്ങ കൊപ്രയാക്കി സംസ്കരിച്ച് നൽകുന്നത് കേരഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര സൂചികകൾക്കു വിധേയമായിട്ടായിരിക്കണം.

പച്ചത്തേങ്ങ ഉണക്കി കൊപ്രയാക്കി നൽകുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ കരാറുകാരൻ രേഖപ്പെടുത്തേണ്ടത്. (ഉദാഹരണത്തിന്: പച്ചത്തേങ്ങയിൽ നിന്നും ഒരുകിലോ കൊപ്ര സംസ്കരിച്ചുനൽകുന്നതിന് ................................ രൂപ)

ചകിരി കളഞ്ഞു ചിരട്ടയോടുകൂടി ഉള്ള പച്ചത്തേങ്ങ കൊപ്രയാക്കി മാറ്റുമ്പോൾ, നൽകുന്ന തേങ്ങയിൽനിന്നും 30 % എങ്കിലും കൊപ്ര ലഭ്യമാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

പച്ചത്തേങ്ങ, കേരഫെഡ് ഓയിൽ കോംപ്ലക്സിൽ വെച്ചുതന്നെ സംസ്കരിക്കേണ്ടതാണ്. കേരഫെഡ് ഫാക്ടറിയിലെ മെക്കാനിക്കൽ ഡ്രൈയറും കൊപ്രാക്കളവും ഇതിനായി ഉപയോഗിക്കാവുന്നതാണ്. വെയിലുള്ള സമയങ്ങളിൽ സൂര്യപ്രകാശത്തിൽ തേങ്ങാ ഉണക്കി കൊപ്രയാക്കാവുന്നതാണ്.

ഡ്രൈയറിൽ കൊപ്ര ഉണക്കുന്നതിനു ആവശ്യമായ വൈദ്യുതി , വിറക് എന്നിവ കേരഫെഡ് നൽകുന്നതാണ്.

കൊപ്ര നീക്കംചെയ്ത ചിരട്ടകൾ ചാക്കിൽ കെട്ടി നിർദിഷ്ട സ്ഥലത്തു എത്തിക്കേണ്ടതും, ഇതിനായുള്ള ചാക്കുകൾ കേരഫെഡ് നൽകുന്നതുമാണ്.

പച്ചത്തേങ്ങ സംസ്കരണത്തിന് തടസ്സംനേരിടാതെ ആവിശ്യമായ തൊഴിലാളികളെ എത്തിച്ച് ഏല്പിക്കുന്ന ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വമായിരിക്കും.

കരാറുകാരൻ ഏർപ്പാടാക്കുന്ന തൊഴിലാളികളുടെ പൂർണ്ണ സുരക്ഷിതത്വം കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.

കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് കേരഫെഡുമായി കരാറുകാരൻ സമ്മതിക്കുന്ന വേലക്കൂലിക്കു പുറമെ യാതൊരു വിധ ആനുകൂല്യങ്ങൾക്കും അർഹതഉണ്ടാകുന്നതല്ല

കരാറുകാരന്റെ ഉത്തരവാദിത്വക്കുറവുകൊണ്ടു സംസ്കരണത്തിൽ കേരഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായികണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരന്റെ പക്കൽനിന്നും കേരഫെഡ് ഈടാക്കുന്നതായിരിക്കും.

പ്രസ്തുത കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.

കരാറുകാരൻ സമർപ്പിക്കുന്ന ഓരോബില്ലിൽനിന്നും 5 % തുക കേരഫെഡ് റീടെൻഷൻ തുകയായി പിടിച്ചുവെക്കുന്നതാണ് . കരാർ അവസാനിക്കുന്നമുറക്ക് ഈ തുക തിരികെ നൽകുന്നതായിരിക്കും. ഇപ്രകാരം പിടിച്ചുവെക്കുന്ന തുകയ്ക്ക് യാതൊരുവിധമായ പലിശയും നൽകുന്നതല്ല.

നിരക്ക് രേഖപ്പെടുത്തിയ ക്വാട്ടേഷനുകൾ EMD തുകയായ 1000 രൂപയോടൊപ്പം, 12/07/2025, വൈകുന്നേരം 4 മണിക്ക് മുൻപായി കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല

KERAFED OIL COMPLEX
K.S.PURAM
PIN. 690 544
PH: 0476-2620627
KARUNAGAPPALLY

വിശ്വസ്തതയോടെ PM (I/c)

പ്ലാന്റ്മാനേജർ